QP CODE: 23002682

23002682

Reg No : .....................

Name : .....................

# M A DEGREE (CSS) EXAMINATION, MARCH 2023

## Third Semester

Faculty of Language and Literature

M A MALAYALAM

## CORE - ML010301 - AADHUNIKA MALAYALA KAVITHA - RANDAAM GHATTAM

2019 ADMISSION ONWARDS

D658BA4A

Time: 3 Hours Weightage: 30

### Part A (Short Answer Questions)

*Answer any **eight** questions.*

*Weight **1** each.*

1. ശാസ്ത്രത്തിൻറെ വളർച്ച എപ്രകാരമാണ് മനുഷ്യനെയും സാഹിത്യത്തെയും സ്വാധീനിച്ചത്? വിമാനത്താവളത്തിൽ ഒരു കവി എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക

2. "ആധുനികതയുടെ സ്വഭാവം വെളിപ്പെടുത്തുന്നവയാണ് ചെറിയാൻ കെ. ചെറിയാൻറെ കവിതകൾ." വിശദീകരിക്കുക

3. ആധുനിക കവിതയുടെ സവിശേഷതകൾ എം.ഗോവിന്ദനിൽ പ്രകടമാകുന്നതെങ്ങനെ?

4. അപൂർണം എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക

5. കെ.എ.ജയശീലൻറെ പ്രകൃതിനിരീക്ഷണം ആരോഹണം എന്ന കവിതയിൽ പ്രതിഫലിക്കുന്നതെങ്ങനെ?

6. "പണിഞ്ഞകല്ല്
   കയ്യുടച്ചു നിന്നവൾ
   ഉഴവുചാലുകൾ
   ഇറക്കി വിത്തുകൾ
   മുളച്ചകണ്ണീരിൽ
   നനച്ചിരിപ്പവൾ' ആശയം വിശദമാക്കുക

7. മേസ്തിരി എന്ന കവിതയിൽ പുതുകവിതയുടെ ഭാഷാലാളിത്യം കണ്ടെത്താനാവുമോ? പരിശോധിക്കുക

8. അപനിർമാണം എന്ന കവിതയുടെ ഭാവതലം വ്യക്തമാക്കുക

9. വൃത്തസ്ഥിത എന്ന കവിതയുടെ സമകാലികപ്രസക്തി വിവരിക്കുക

10. വിഷാദരോഗി എന്ന കവിതയുടെ കാവ്യരചനാ സവിശേഷതകൾ വിവരിക്കുക

(8×1=8 weightage)

**Part B (Short Essay/Problems)**

*Answer any **six** questions.*

*Weight **2** each.*

11. മലയാളസാഹിത്യത്തിൽ കെ.അയ്യപ്പപ്പണിക്കരുടെ ചരിത്രപരമായ ഇടം അടയാളപ്പെടുത്തുകമലയാളസാഹിത്യത്തിൽ കെ.അയ്യപ്പപ്പണിക്കരുടെ ചരിത്രപരമായ ഇടം അടയാളപ്പെടുത്തുക

12. പിതൃഗമനം എന്ന കവിതയിൽ യാത്ര എന്ന ബിംബം ഏതെല്ലാം തലത്തിൽ കടന്നുവരുന്നു?

13. "വിയർപ്പും ചെളിയും പുരണ്ട കവിത" എന്ന നിലയിൽ 'കഷണ്ടി'യെ മനസ്സിലാക്കാനാവുമോ? പരിശോധിക്കുക

14. ബാലചന്ദ്രൻ ചുള്ളിക്കാടിൻറെ രചനാസവിശേഷതകൾ പാഠഭാഗത്തെ മുൻനിർത്തി അവതരിപ്പിക്കുക

15. സാവിത്രി രാജീവന് മലയാളകവിതയിലുള്ള സ്ഥാനം അടയാളപ്പെടുത്തുക?

16. മാർത്തോമ്മാനഗറിലെ പ്രതിമകൾ എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക

17. വീടിൻറെ നാലു ചുമരുകൾക്കുള്ളിൽ അകപ്പെട്ടുപോയ സ്ത്രീയുടെ ചിത്രമാണ് 'കുഞ്ഞിൻറെ പെൻസിൽ – വിശദമാക്കുക

18. "കയറുപൊട്ടിച്ചോടിയ
    ആ രണ്ടുകിലോമീറ്ററാകണം
    പശു പിന്നീടെപ്പോഴും
    അയവിറക്കുന്നത്" ഭാവതലം വിശദീകരിക്കുക

(6×2=12 weightage)

**Part C (Essay Type Questions)**

*Answer any **two** questions.*

*Weight **5** each.*

19. ആധുനികതയുടെ സംഘർഷങ്ങളും സംത്രാസങ്ങളും അജന്ത, പാതാളത്തിൻറെ മുഴക്കം എന്നീ കവിതകളെ മുൻനിർത്തി ചർച്ച ചെയ്യുക

20. ദളിത് സാഹിത്യസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ കാട്ടാളൻ എന്ന കവിതയെ നിരൂപണം ചെയ്യുക

21. മലയാളകവിതയിലെ സ്ത്രീകർതൃത്വം - പാഠഭാഗത്തെ മുൻനിർത്തി ഉപന്യസിക്കുക

22. സമകാലിക സമൂഹത്തിൽ പാരിസ്ഥിതിക കവിതകൾ എത്രത്തോളം പ്രാധാന്യം അർഹിക്കുന്നു? മലയാളത്തിലെ പരിസ്ഥിതി കവിതകളെ മുൻനിർത്തി ചർച്ച ചെയ്യുക

(2×5=10 weightage)